**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2664** **13-02-2024 - ൽ മറുപടിയ്ക്ക്**

**നിയമ സഹായ നിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നിയമ സഹായ നിധിയിലേക്കുള്ള ഫണ്ട് സമാഹരണം എപ്രകാരമെന്ന് വിശദമാക്കാമോ; | (എ) | കേരള നിയമ സഹായനിധി ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം കേരള കോർട്ട് ഫീസ് & സ്യൂട്ട് വാല്യുവേഷൻ ആക്റ്റിലെ 76-ാം വകുപ്പ് അനുസരിച്ച് നിധിയിലേയ്ക്ക് വരവ് വയ്ക്കേണ്ടതായ തുക "നിയമസഹായനിധി " എന്ന വാക്കുകൾ മുദ്രണം ചെയ്ത കോടതി ഫീസ് സ്റ്റാമ്പുകളായി ട്രഷറി ഓഫീസുകളിൽ നിന്നും വിതരണം ചെയ്യുമ്പോൾ പിരിച്ചെടുക്കേണ്ടതും അതിന്റെ വിറ്റുവരവ് "0030-സ്റ്റാമ്പ്സും രജിസ്ട്രേഷനും -01 സ്റ്റാമ്പ്സ് ജുഡീഷ്യൽ 800-99 സ്പെഷ്യൽ സ്റ്റാമ്പ്സ് ഓൺ ലീഗൽ ബെനിഫിറ്റ് ഫണ്ട് " എന്ന കണക്ക് ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും, ഒരു വർഷം അങ്ങനെ സമാഹരിച്ച തുക അടുത്തവർഷം നിധിയിലേയ്ക്ക് മാറ്റേണ്ടതും വരവ് വയ്ക്കേണ്ടതുമാണ് . |
| (ബി) | ഈ സാമ്പത്തിക വർഷം 2024 ജനുവരി 31 വരെ എത്ര തുക ഈ ഫണ്ടിലേക്ക് ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; ഇതിൽ ധനവകുപ്പ് എത്ര തുകയുടെ അനുമതിയാണ് നൽകിയത്; | (ബി) | ബജറ്റ് രേഖകൾ പ്രകാരം Kerala Legal Benefit Fund ഇനത്തിൽ ഈ സാമ്പത്തിക വർഷം 2024 ജനുവരി 31 വരെ 17.86 കോടി രൂപ ലഭിച്ചിട്ടുണ്ട്. (H/A 0030-01-800-99) ഈ സാമ്പത്തിക വർഷം ഇതുവരെ 4 കോടി രൂപയുടെ അനുമതിയാണ് നൽകിയത്. |
| (സി) | 2016-17 കാലയളവ് മുതൽ ഈ നിധിയിലേക്ക് ലഭിച്ച തുകയും ചെലവഴിച്ച തുകയും വർഷം തിരിച്ച് ലഭ്യമാക്കാമോ? | (സി) | ബജറ്റ് രേഖകൾ പ്രകാരം 2016-17 കാലയളവ് മുതൽ Legal Benefit Fund ഇനത്തിൽ ലഭിച്ച തുകയും ചെലവഴിച്ച തുകയും വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. |

| | ₹ in Crores | |
|---|---|---|
| സാമ്പത്തിക വർഷം | വരവ്<br>(0030-01-800-99) | ചെലവ്<br>(അക്കൗണ്ട്സ്)<br>(H/A(2014-00-800-94 NP) |

| | | |
|---|---|---|
| 2016-17 | 15.25 | 00 |
| 2017-18 | 17.63 | 7 |
| 2018-19 | 19.24 | 6 |
| 2019-20 | 21.65 | 21 |
| 2020-21 | 9.95 | 4 |
| 2021-22 | 15.15 | 13.6 |
| 2022-23 | 23.81 | 13 |
| 2023-24 | 17.86(up to January 31) | 4 |

സെക്ഷൻ ഓഫീസർ